## അർബൻ 2020 പദ്ധതി

74 (5422) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഏതെല്ലാം നഗരങ്ങളെയാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നറിയിക്കുമോ ?

ഉത്തരം

നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടെയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ ആധുനികമായ സാങ്കേതിക പരിജ്ഞാനവും തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.-കൾ) കാലേക്കൂട്ടി തയ്യാറാക്കാനും പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും, മറ്റ് ഫണ്ടിങ്ങ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിലെ എല്ലാ നഗരസഭകൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. പ്രത്യേകമായി ഒരു നഗരത്തെയും ഉൾപ്പെടുത്തേണ്ടതില്ല.

## സമഗ്ര നഗരവികസനം

75 (5423) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സമഗ്ര നഗരവികസനം ലക്ഷ്യം വച്ച് ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ഏതൊക്കെ നഗരവികസന പദ്ധതികളാണ് മിഷൻ 676 പ്രകാരം പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരുന്നതും നിലവിൽ പൂർത്തിയായിട്ടുള്ളതുമായ പദ്ധതികൾ താഴെപ്പറയുന്നു.

1. കൊല്ലം കടിവെള്ള പദ്ധതി - അടങ്കൽ 5.25 കോടി (എ.ഡി. ബി. പദ്ധതി)
2. തൃശ്ശൂർ കുടിവെള്ള പദ്ധതി - അടങ്കൽ 23.74 കോടി (എ.ഡി. ബി. പദ്ധതി)
3. കൊല്ലം ചിന്നക്കട അണ്ടർപാസ്-അടങ്കൽ 6.56 കോടി (എ.ഡി.ബി. പദ്ധതി)
4. മലപ്പുറം കുടിവെള്ള പദ്ധതി - അടങ്കൽ 19.76 കോടി (യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി)
5. പെരിന്തൽമണ്ണ കുടിവെള്ള പദ്ധതി - അടങ്കൽ 8.11 കോടി (യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി)
6. കൊച്ചി ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - അടങ്കൽ 4.14 കോടി (സംസ്ഥാന പദ്ധതി)

(ബി) മിക്ക പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും നിലവിൽ നടന്നുവരുന്നതുമായ പദ്ധതികൾ താഴെപ്പറയുന്നു :

കുടിവെള്ള പദ്ധതികൾ :

1. 250 കോടി രൂപ ചെലവിൽ കൊച്ചിയിൽ 100 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള കുടിവെള്ള പദ്ധതി (ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി)
2. തിരുവല്ല (6.27 കോടി), ചങ്ങനാശ്ശേരി (3.91 കോടി) ചാവക്കാട് - ഗുരുവായൂർ (50.44 കോടി - സംയുക്ത പദ്ധതി) ആലപ്പുഴ (110 കോടി), ഒറ്റപ്പാലം (30 കോടി), കൽപ്പറ്റ (32.17 കോടി) എന്നീ മുനിസിപ്പാലിറ്റികളിലെ കുടിവെള്ള പദ്ധതികൾ (യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി)

LIBRARY ARCHIVES Kerala Legislative Assembly

മാലിന്യ സംസ്കരണ പദ്ധതികൾ :

1. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, പാലക്കാട് എന്നിവിടങ്ങളിലെ പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (8.28 കോടി - സംസ്ഥാന പദ്ധതി)
2. 40 കോടി രൂപ ചെലവിൽ തമ്പാനൂർ പഴവങ്ങാടി സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതി (ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി)
3. 14.15 കോടി രൂപ ചെലവിൽ കോഴിക്കോട് ഡ്രെയിനേജ് നവീകരണ പദ്ധതി (കെ.എസ്.യു.ഡി.പി. പദ്ധതി)
4. സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ - കൊല്ലം (8.39 കോടി രൂപ) തൃശ്ശൂർ (23.72 കോടി രൂപ) (കെ.എസ്.യു.ഡി.പി. പദ്ധതി)
5. 63.85 കോടി രൂപ ചെലവിൽ കോഴിക്കോട് സ്വീവേജ് പദ്ധതി (കെ.എസ്.യു.ഡി.പി. പദ്ധതി)
6. 14.66 കോടി രൂപ അടങ്കലുള്ള മലപ്പുറത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് തുടക്കം കുറിയ്ക്കൽ (യു.ഐ.ഡി.എസ്.എസ്.എം.റ്റി.-ട്രാൻസിഷൻ ഫെയ്സ് പദ്ധതി)
7. 5.22 കോടി രൂപ ചെലവിൽ പെരിന്തൽമണ്ണയിൽ ഖരമാലിന്യ സംസ്കരണ പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി. - പദ്ധതി)
8. 3.06 കോടി രൂപ ചെലവിൽ ആറ്റിങ്ങലിൽ ഖരമാലിന്യ സംസ്കരണ പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി)

ഇ-ഗവേണൻസ് പദ്ധതി :

1. 8.70 കോടി രൂപ ചെലവിൽ കൊച്ചി നഗരസഭയിൽ ഇ-ഗവേണൻസ് പദ്ധതി (ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി)

**പ്രകൃതി സംരക്ഷണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി**

76 (5424) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കെട്ടിട നിർമ്മാണചട്ടങ്ങളിൽ മറ്റു ഉപാധികൾക്ക് പുറമേ പ്രകൃതിയെയും വനങ്ങളെയും സംരക്ഷിക്കുക വഴി ഭൂമിയുടെ ഇലനാവസ്ഥയുടെ സംരക്ഷണത്തിനായി ഓരോ വൃക്ഷത്തെ എങ്കിലും പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ നട്ടുപിടിപ്പിക്കണമെന്ന ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ;